2014 ജനുവരിയിലെ ഡിപ്പാർട്ട്മെന്റൽ ടെസ്റ്റിന്റെ ഭാഗമായി സർവ്വീസിലുള്ള അന്ധരായ ഉദ്യോഗസ്ഥർക്ക് വേണ്ടി കമ്മിഷൻ നടത്താനുദ്ദേശിക്കുന്ന വാചാ പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിച്ചു. വിജ്ഞാപനം കമ്മിഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപേക്ഷയുടെ മാതൃക വിജ്ഞാപനത്തോടൊപ്പം ചേർത്തിട്ടുണ്ട്. ടി മാതൃകയിൽ അച്ചടിച്ചതോ, ടൈപ്പ് ചെയ്തതോ, കമ്മിഷന്റെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുത്തതോ ആയ അപേക്ഷാ ഫോറത്തിലാണ് അപേക്ഷിക്കേണ്ടത്. 01.01.2014 ബുധനാഴ്ച വെകുന്നേരം 5 മണിവരെ അപേക്ഷകൾ സ്വീകരിക്കും. അപേക്ഷകൾ ജോയിന്റ് സെക്രട്ടറി, ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ്, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ, പട്ടം, തിരുവനന്തപുരം - 4 എന്ന മേൽവിലാസത്തിലായിരിക്കണം സമർപ്പിക്കേണ്ടത്.